**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സിസ്റ്റർ ഏവുപ്രാസ്യാമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ച ചടങ്ങ് - റോമിലേയ്ക്ക് തൃശ്ശൂർ കോർപ്പറേഷൻ പ്രതിനിധികളായി അയച്ച മുൻ തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീ. ഐ.പി.പോൾ, മുൻ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. കിരൺ.സി.ലാസർ എന്നിവർ നടത്തിയ വിദേശ യാത്രയ്ക്ക് കാര്യോത്തര അനുമതിയും വിദേശയാത്രയ്ക്ക് മുൻകൂറായി 1,92,000/- രൂപ ( ഒരു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ മാത്രം) അനുവദിച്ച കൗൺസിൽ തീരുമാനം സാധൂകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം.1088/2019/തസ്വഭവ. തിരുവനന്തപുരം, തീയതി.29.05.2019

---

പരാമർശം:- 1) തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലിന്റെ 22.12.2014 ലെ 12-ാം നമ്പർ തീരുമാനം.

2) തൃശ്ശൂർ കോർപ്പറേഷൻ മുൻ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ.കിരൺ. സി.ലാസർ, തൃശ്ശൂർ കോർപ്പറേഷൻ മുൻ മേയർ ശ്രീ. ഐ.പി. പോൾ എന്നിവർ 16.01.2018, 27.02.2019 തീയതികളിലായി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ.

## ഉത്തരവ്

സിസ്റ്റർ ഏവുപ്രാസ്യാമ്മയെ വിശുദ്ധയായി റോമിൽ വച്ച് പ്രഖ്യാപിച്ച ചടങ്ങിൽ പങ്കെടുക്കുന്നതിനായി മുൻ തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീ. ഐ.പി.പോൾ, വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ ശ്രീ. കിരൺ.സി.ലാസർ എന്നിവരെ തൃശ്ശൂർ കോർപ്പറേഷൻ പ്രതിനിധികളായി മേയറുടെ പരാമർശം (1) പ്രകാരമുള്ള മുൻകൂർ അനുമതിയോടെ അനുവദിച്ചിരുന്നു. എന്നാൽ സർക്കാരിന്റെ അനുമതിയും അംഗീകാരവും ഇല്ലാതെ കോർപ്പറേഷനെ പ്രതിനിധാനം ചെയ്ത് വിദേശയാത്ര നടത്തിയത് ശരിയായ നടപടി അല്ലെന്നും നാളിതേവരെ സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ ടി ഇനത്തിൽ അഡ്വാൻസായി ഓരോരുത്തർക്കും നൽകിയ 96,000/- രൂപ, നൽകിയ തീയതി മുതൽ 18% പലിശയോടുകൂടെ തിരിച്ചടക്കേണ്ടതാണെന്നും ഓഡിറ്റ് പരാമർശിച്ചിട്ടുണ്ട്.

2. റോമിലേക്ക് നടത്തിയ യാത്രയ്ക്ക് തങ്ങൾക്ക് മുൻകൂർ അനുവദിക്കപ്പെട്ട 96,000/- രൂപ, അനുവദിച്ച തീയതി മുതൽ 18% പലിശ ഉൾപ്പെടെ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന ഓഡിറ്റ് പരാമർശത്തെ തുടർന്ന് റോം യാത്രയ്ക്ക് തുക അനുവദിച്ച പരാമർശം (1) പ്രകാരമുള്ള കൗൺസിൽ തീരുമാനം സാധൂകരിച്ച് ഉത്തരവാകണമെന്നാവശ്യപ്പെട്ട് ശ്രീ. ഐ.പി.പോൾ, ശ്രീ. കിരൺ.സി.ലാസർ എന്നിവർ പരാമർശം (2) മുഖേന സർക്കാരിലേയ്ക്ക് നിവേദനങ്ങൾ സമർപ്പിയ്ക്കുകയുണ്ടായി. ടി നിവേദനങ്ങളിൽ തൃശ്ശൂർ കോർപ്പറേഷന്റെ 6.11.2014 ലെ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനത്തിന്റെയും 15.11.2014 ൽ ബഹു.മേയർ നടത്തിയ പരാമർശത്തിന്റെയും അടിസ്ഥാനത്തിൽ ആണ് തൃശ്ശൂർ ഒല്ലൂർ

മഠാംഗമായിരുന്ന സിസ്റ്റർ ഏവുപ്രാസ്യാമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ച ചടങ്ങിലേയ്ക്ക് തൃശ്ശൂർ കോർപ്പറേഷൻ പ്രതിനിധികളായി തങ്ങളെ റോമിലേയ്ക്ക് അയച്ചിട്ടുള്ളതെന്നും ടി യാത്രയ്ക്ക് സർക്കാർ അനുമതി ലഭിക്കണമെന്ന് തങ്ങൾക്ക് അറിയില്ലായിരുന്നു എന്നും ടി യാത്രക്കുള്ള ചെലവിനത്തിൽ 96,000/- രൂപ വീതം ബഹു.മേയറുടെ മുൻകൂർ അനുമതിയോടെ അനുവദിച്ച നടപടി സാധൂകരിച്ച് നൽകണമെന്നും അപേക്ഷിച്ചിരിയ്ക്കുന്നു. കൂടാതെ ആരോഗ്യപരമായും സാമ്പത്തികമായും തങ്ങൾ വളരെയധികം കഷ്ടപ്പെടുന്നതായും വ്യക്തമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശ്രീ. ഐ.പി.പോൾ, ശ്രീ. കിരൺ.സി.ലാസർ എന്നിവരുടെ റോമിലേയ്ക്കുള്ള യാത്ര കോർപ്പറേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനത്തിന്റെയും മേയറുടെ കൗൺസിൽ യോഗത്തിലെ പരാമർശത്തിന്റെയും കൗൺസിൽ തീരുമാനത്തിന്റെയും അംഗീകാരത്തോടെയാണെന്നും ടി വ്യക്തികളുടെ റോമിലേക്കുള്ള യാത്ര വിശുദ്ധയായി പ്രഖ്യാപിച്ച സിസ്റ്റർ ഏവുപ്രാസ്യാമ്മയുടെ ദേശത്തെ പ്രതിനിധീകരിച്ചാണെന്ന വസ്തുത കണക്കിലെടുത്തും തൃശ്ശൂർ കോർപ്പറേഷൻ മുൻമേയർ ശ്രീ. ഐ.പി.പോൾ, മുൻ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. കിരൺ.സി.ലാസർ എന്നിവരുടെ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടത്തിയ വിദേശ യാത്രയ്ക്ക് കാര്യോത്തര അനുമതിയും, യാത്രയ്ക്കായി ഓരോരുത്തർക്കും 96,000/- രൂപ വീതം മുൻകൂറായി അനുവദിച്ച വകയിൽ ആകെ ചെലവായ 1,92,000/- (ഒരു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ മാത്രം) രൂപയ്ക്ക് സാധൂകരണവും നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ലീന. എം.ഡി.**
**ഡെപ്യൂട്ടി സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ
ശ്രീ. ഐ.പി.പോൾ, മുൻ മേയർ, തൃശ്ശൂർ കോർപ്പറേഷൻ (തൃശ്ശൂർ നഗരസഭാ മുഖാന്തിരം)
ശ്രീ.കിരൺ.സി.ലാസർ, മുൻ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
(തൃശ്ശൂർ നഗരസഭാ മുഖാന്തിരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**